പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 3284

18.02.2013 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാ കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ പലിശ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | വിദ്യാഭ്യാസ വായ്പാ കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ പലിശ എഴുതിത്തള്ളുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) 01/04/2004 മുതൽ 31/03/2009 വരെ വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവരും BPL വിഭാഗത്തിൽപ്പെട്ടവരുമായ തൊഴിൽ രഹിതർക്ക് സംസ്ഥാന സർക്കാർ പലിശ സബ്സിഡി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | (ബി) 01/04/2004 മുതൽ 31/03/2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവരും BPL കുടുബങ്ങളിൽ നിന്നുള്ളവരും ഇതുവരെ ജോലി ലഭിക്കാത്തവരുമായ യുവജനങ്ങൾക്ക് മാത്രമേ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വായ്പാ-പലിശ സബ്സിഡിക്ക് അർഹതയുള്ളു. |

(----------2)

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം പലിശ എഴുതിത്തള്ളുവാൻ സംസ്ഥാനത്ത് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി) | **<u>പ്രസ്തുത പദ്ധതി പ്രകാരം പലിശ എഴുതിത്തള്ളുവാൻ ജില്ല അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളുടെ വിവരം</u>** |

| | |
|---|---|
| തിരുവനന്തപുരം | - 1010 |
| കൊല്ലം | - 1406 |
| പത്തനംതിട്ട | - 1069 |
| ആലപ്പുഴ | - 2506 |
| കോട്ടയം | - 3320 |
| ഇടുക്കി | - 2105 |
| എറണാകുളം | - 609 |
| തൃശ്ശൂർ | - 364 |
| മലപ്പുറം | - 226 |
| പാലക്കാട് | - 200 |
| കോഴിക്കോട് | - 543 |
| വയനാട് | - 686 |
| കണ്ണൂർ | - 406 |
| കാസർഗോഡ് | - 137 |
| **ആകെ** | **- 14587** |

| | | | |
|---|---|---|---|
| (ഡി) | ബി.പി.എൽ. പട്ടികയിലെ അപാകതകൾ കാരണം നിരവധിപേർക്ക് പ്രസ്തുത ആനുകൂല്യം നിഷേധിക്കപ്പെടുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഇല്ല. |
| (ഇ) | എങ്കിൽ അവ പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ; | (ഇ) | ബാധകമല്ല. |

(----------3)

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം അർഹരായവർക്ക് പൂർണ്ണമായും ലഭിക്കത്തക്കവിധം, സാധാരണക്കാരായ നിശ്ചിത വരുമാനപരിധിയിൽ-പ്പെട്ടവരുടെയും കൂടി വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (എഫ്) | വിദ്യാഭ്യാസ വായ്പാ പലിശയിളവിന്റെ ആനുകൂല്യം ഇപ്പോൾ BPL വിഭാഗത്തിന് മാത്രമേ ലഭ്യമാക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ